ഡീംഡ് യൂണിവേഴ്സിറ്റികളിൻമേൽ സംസ്ഥാന ഗവൺമെന്റിന് നിയന്ത്രണം

155 [1734] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

" പ്രയാർ ഗോപാലകൃഷ്ണൻ:

" എം. കെ. പോൾസൺ മാസ്റ്റർ:

" എ. പി. അനിൽകുമാർ:

" ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീംഡ് യൂണിവേഴ്സിറ്റികളുടെ മേൽ സംസ്ഥാന ഗവൺമെന്റിന് യാതൊരു നിയന്ത്രണങ്ങളുമുണ്ടായിരിക്കുകയില്ലെന്ന് സുപ്രീം കോടതി വിധി വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഒരു ഡീംഡ് യൂണിവേഴ്സിറ്റിയാണോ;

(സി) എങ്കിൽ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഡീംഡ് യൂണിവേഴ്സിറ്റിയിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ സർക്കാർ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) പുനെയിലുള്ള ഭാരതീയ വിദ്യാപീഠം എന്ന ഡീംഡ് സർവ്വകലാശാല മഹാരാഷ്ട്ര സർക്കാരിനെതിരെ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത സിവിൽ അപ്പീൽ നമ്പർ 7660/02 എന്ന കേസിന്മേൽ 26-2-2004-ൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ പ്രസ്തുത ഡീംഡ് സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിൽ മഹാരാഷ്ട്ര സർക്കാരിന് യാതൊരു നിയന്ത്രണവും ഉണ്ടായിരിക്കുകയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ബി) കോയമ്പത്തൂർ ആസ്ഥാനമായുള്ള അമൃത വിശ്വവിദ്യാപീഠം എന്ന ഡീംഡ് സർവ്വകലാശാലയുടെ കീഴിലുള്ള ഒരു സ്ഥാപനമാണ് കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്റർ.

(സി) കേരള നിയമസഭ പാസ്സാക്കിയ ബില്ലിൽ ഡീംഡ് സർവ്വകലാശാലകളിലെ വിദ്യാർത്ഥി പ്രവേശനത്തെ സർക്കാർ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. എന്നാൽ ഈ ബില്ലിന് നാളിതുവരെ ഗവർണ്ണറുടെ അസന്റ് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly